പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 18.07.2016 -ൽ മറുപടിക്ക്

ചോദ്യം നം. 2255

## ദേശീയമത്സ്യനയം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. എൻ. എ നെല്ലിക്കുന്ന്** | | **ശ്രീമതി. ജെ. മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനിയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി) |
| എ) | ദേശീയ മത്സ്യനയം കേരളത്തിലെ മത്സ്യത്തൊഴിലാളികളെ ഏത് വിധത്തിലാണ് ബാധിക്കുക എന്ന് വ്യക്തമാക്കാമോ; | എ) | നിലവിലെ ദേശീയ മത്സ്യനയം കേരളത്തിലെ മത്സ്യത്തൊഴിലാളികളെ ദോഷകരമായി ബാധിക്കുന്നുണ്ട്. നിലവിലെ മത്സ്യനയ പ്രകാരം 12 നോട്ടിക്കൽ മൈലിനപ്പുറം മത്സ്യബന്ധനം നടത്തുന്നതിന് കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്ക് കഴിയാതെ വരും. മത്സ്യബന്ധനം നടത്തുന്നതിന് 12 നോട്ടിക്കൽ മൈലിനപ്പുറം LOP വേണ്ടി വരും. ആഴക്കടൽ മത്സ്യബന്ധനത്തിന് വിദേശ കപ്പലുകൾക്കും സംയുക്ത സംരംഭങ്ങൾക്കും നിലവിലുള്ള ദേശീയ മത്സ്യ നയ പ്രകാരം അനുമതി നൽകി വരുന്നത് സംസ്ഥാനത്തെ മത്സ്യ തൊഴിലാളികളുടെ താല്പര്യങ്ങൾക്ക് വിരുദ്ധമാണ്. |
| ബി) | ദേശീയ മത്സ്യനയം തയ്യാറാക്കുന്ന സമിതിയിൽ കേരളത്തിന് പ്രാതിനിധ്യം ഉണ്ടോ; ഇല്ലെങ്കിൽ പ്രാതിനിധ്യം വേണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (ബി) | ഇല്ല. പ്രാതിനിധ്യം വേണമെന്ന് കേന്ദ്രത്തോട് കേരളം ആവശ്യപ്പെട്ടിരുന്നു. അവസാനത്തെ സിറ്റിംഗിൽ ഒരു പ്രതിനിധിയെ ക്ഷണിതാവായി പങ്കെടുപ്പിക്കുവാൻ അറിയിക്കുകയുണ്ടായി. |
| സി) | ദേശീയ സമുദ്രനയത്തിന്റെ കരട് | സി) | ദേശീയ സമുദ്ര നയത്തിൽമേലുള്ള നിർദ്ദേശങ്ങളും |

| | | | |
|---|---|---|---|
| | പരിശോധിക്കാനും ആശങ്കകളും നിർദ്ദേശങ്ങളും സമർപ്പിക്കാനും കേരളത്തോട് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ 2016 ജൂൺ ഒന്നിന ഡൽഹിയിൽ ഇത് സംബന്ധിച്ച യോഗത്തിൽ കേരളത്തിൽ നിന്ന് മത്സ്യത്തൊഴിലാളികളുടെ പ്രതിനിധി കളെ പങ്കെടുപ്പിച്ചിരുന്നോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ്; വിശദമാക്കുമോ? | | ആശങ്കകളും കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത മീറ്റിംഗിൽ മത്സ്യത്തൊഴിലാളികളുടെ പ്രതിനിധികളെ പങ്കെടുപ്പിച്ചിരുന്നില്ല മുൻ സർക്കാരിനോട് 17.02.2016 ൽ കേന്ദ്ര കൃഷി, മൃഗസംരക്ഷണം, ഡയറി, ഫിഷറീസ് മന്ത്രാലയം ഡോ. എസ്. അയ്യപ്പൻ കമ്മിറ്റിയിലേയ്ക്ക് സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി സംഘടനകളുടെ ഒരു പ്രതിനിധിയെ തർക്കരഹിതമായി കണ്ടെത്തി പ്രത്യേകക്ഷണിതാവായി നാമനിർദ്ദേശം നൽകാൻ അഭ്യർത്ഥിച്ചിരുന്നെങ്കിലും യഥാസമയം മുൻ സർക്കാർ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാതിരുന്നതുകൊണ്ട് കേരളത്തിന്റെ പ്രതിനിധിയെ അയയ്ക്കുവാൻ അവസരം ഇല്ലാതായി. എങ്കിലും മത്സ്യഫെഡ് ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീമതി. പി.രേഖ കേരള സർക്കാരിനെ പ്രതിനിധീകരിച്ച് സ്റ്റേക്ക് ഹോൾഡേഴ്സ് മീറ്റിംഗിൽ പങ്കെടുത്തിരുന്നു. |

**സെക്ഷൻ ഓഫീസർ**